(ഡി) അവയ്ക്ക് പെർമിറ്റ് നൽകിയ വകയിൽ എന്തു തുക കിട്ടി;

(ഇ) സംസ്ഥാനത്തുള്ള വാഹനങ്ങൾക്ക് ശബരിമല പെർമിറ്റ് നൽകിയ വകയിൽ എന്തു തുക കിട്ടി;

(എഫ്) ഇതിൽ നിന്നും ദേവസ്വം ബോർഡിന് എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 250 രൂപ.

(ബി) തുകയൊന്നും നൽകേണ്ടതില്ല.

(സി) ഉദ്ദേശം 38886.

(ഡി) 57,82,720 രൂപ.

(ഇ ആന്റ് എഫ്) ചോദ്യം ഉദിക്കുന്നില്ല.

പുതിയ ബസ് സർവ്വീസുകൾ

81 [568] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, എം. മുരളി:
,, ജോർജ് ജെ. മാത്യു:
,, എം. പി. ഗംഗാധരൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ് സർവ്വീസുകൾ ആരംഭിച്ചു;

(ബി) മുൻ മന്ത്രിസഭയുടെ കാലത്ത് എത്ര ബസ് സർവ്വീസുകൾ നിർത്തലാക്കിയിരുന്നു;

(സി) അതിൽ എത്രയെണ്ണം പുനഃസ്ഥാപിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) 234 പുതിയ ബസ്സ് സർവ്വീസുകൾ ആരംഭിച്ചു.

(ബി) കടലാസ്സിൽ മാത്രം ഉണ്ടായിരുന്നതും, തുടർച്ചയായി നഷ്ടത്തിൽ ഓടിയിരുന്നതുമായ ഷെഡ്യൂളുകൾ ഉൾപ്പെടെ 197 സർവ്വീസുകൾ നിർത്തൽ ചെയ്തു.

(സി) നിർത്തലാക്കപ്പെട്ട സർവ്വീസുകളിൽ ഭൂരിഭാഗവും പൊതുജനങ്ങളുടെ ആവശ്യം പരിഗണിച്ചും, കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമായ രീതിയിൽ പുനഃക്രമീകരണം നടത്തിയും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly